പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3285 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ പുതുതായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യുടെ 2018 ലെ ഓരോ മാസത്തെയും വരവ് ചെലവ്, ലോൺ അടവ്, പെൻഷൻ, ലാഭവിഹിതം, ശമ്പളം എന്നീയിനങ്ങളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (എ) | വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്പെയർ പാർട്ട്സുകളും ടയർ ഉൾപ്പടെയുള്ള അനുബന്ധ സാധനങ്ങളും ഓൺലൈൻ ആയി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ടയറുകളുടെ വാങ്ങലും വിതരണവും പൂർണ്ണമായി ഓൺലൈൻ ആക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരളാ സർക്കാരിന്റെ ഇ-പോർട്ടൽ മുഖേന ഇ-ടെണ്ടർ ക്ഷണിച്ചാണ് ടയർ, സ്പെയർ പാർട്ട്സുകൾ തുടങ്ങിയവ വാങ്ങുന്നതും വിതരണ ഉത്തരവ് നൽകുന്നതും കെ.എസ്.ആർ.ടി.സി. യിൽ ERP പദ്ധതി നടപ്പിലാക്കുന്നതിനായി DPR തയ്യാറാക്കാൻ CIRT-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ERP സംവിധാനത്തിലെ Inventory module നടപ്പിലാക്കുമ്പോൾ റീ-ഓർഡർ അറിയുവാൻ കഴിയുകയും പ്രസ്തുത മോഡ്യൂൾ വഴി സ്പെയർ പാർട്, ടയർ അനുബന്ധ സാധനങ്ങൾ വാങ്ങുവാനും വിതരണം ചെയ്യുവാനും കഴിയും. |
| (സി) | ടയറുകളും സ്പെയർ പാർട്ട്സുകളും | (സി) | ഇത്തരം സാഹചര്യത്തിൽ ഉത്തരവാദികളിൽ |

| | | | |
|---|---|---|---|
| | നിശ്ചിത ഉപയോഗ സമയം പൂർത്തിയാക്കുന്നില്ലെങ്കിൽ ഇത് വാങ്ങുവാൻ ഉത്തരവ് നൽകിയ ഉദ്യോഗസ്ഥരുടെ ലയബിലിറ്റിയായി ഫിക്സ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | | നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ബസ്സുകൾ വൃത്തിയാക്കുവാൻ നിലവിൽ സംവിധാനം ഉണ്ടെങ്കിലും അവർ ജോലി ചെയ്യാത്ത സാഹചര്യത്തിൽ പൊതുഗതാഗതസംവിധാനത്തിലേക്ക് ജനങ്ങളെ ആകർഷിക്കത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി യിൽ പകരം സംവിധാനം നടപ്പിലാക്കുമോ; കെ.എസ്.ആർ.ടി.സിയെ ലാഭത്തിലാക്കുവാൻ പുതുതായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ബസ്സ് വൃത്തിയാക്കൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു: മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെയെത്തുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറച്ച് തദ്വാര ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരുകയുമാണ്. ഇന്ധനക്ഷമത |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)ന്റെ മേൽ നോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന്റെ ചുമതലയ്ക്കു മാത്രമായി നിയോഗി ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ടു ഗ്യാരേജ് മീറ്റുകളും ബോധവൽകരണ ക്ലാസുകളും ട്രെയിനിങ്ങും നടന്നു വരുന്നു. ഇന്ധനചിലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാ നത്തിൽ ഒരു സി.എൻ.ജി ബസ് നിരത്തി ലിറക്കി ഓടിച്ച് വരുന്നു. കൂടാതെ പരീക്ഷണാടി സ്ഥാനത്തിൽ ജൂൺ 18 മുതൽ ഒരു ഇലക്ട്രിക് ബസ് ഓടിക്കുന്നതുമാണ്. ഇത്തരത്തിൽ ചിലവ് ചുരുക്കി കെ.എസ്.ആർ.ടി.സി.യെ ലാഭകര മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | വൃത്തിയായും സമയക്ലിപ്തമായും ആധുനിക ഇൻഫർമേഷൻ ടെക്നോളജിയുടെ ഘടകങ്ങളായ എ.ടി.എം, മൊബൈൽ റീചാർ ജ് മുതലായ സംവിധാനങ്ങളോ ടെയും ജീവനക്കാരുടെ സഹക രണവും ഉറപ്പുവരുത്തി ബസ്സുകൾ സർവീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | കെ.എസ്.ആർ.ടി.സി പമ്പുകളി ൽ പൊതുജനങ്ങൾക്കും ഇന്ധനം ലഭ്യമാക്കുകയും ഡിപ്പോകളിൽ | (എഫ്) | കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം ആവശ്യ ത്തിനായി നിലവിലുള്ള പമ്പുകൾ ഡീസൽ വിതരണം ചെയ്യുന്നതിന് മാത്രമായാണ് |

| | | | |
|---|---|---|---|
| | ഐ.ഒ.സി, എച്ച്.പി, ബി.പി തുടങ്ങിയ എണ്ണക്കമ്പനികൾക്ക് പെട്രോൾ, ഡീസൽ പമ്പ് സ്ഥാപിക്കുവാൻ അനുവാദം നൽകുവാനും നടപടി സ്വീകരിക്കുമോ; ഇത് കെ.എസ്.ആർ.ടി.സിയ്ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | സ്ഥാപിച്ചിരിക്കുന്നത്. സ്ഥല സൗകര്യമുള്ള പമ്പുകൾ പൊതുജനങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്ന തരത്തിൽ എണ്ണക്കമ്പനികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്ന സജീവ പരിഗണനയിലാണ്. വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു. |
| (ജി) | കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ പരിശോധനസംവിധാനവും ആയതിന്റെ ചുമതലയും വ്യക്തമാക്കുമോ? | (ജി) | ദൈനംദിന പരിശോധന, പ്രതിവാര പരിപാലനം, പ്രതിമാസ പരിപാലനം, വാർഷിക പരിപാലനവും ഫിറ്റ്നസും എന്നീ രീതിയിലാണ് വാഹനങ്ങളുടെ പരിപാലന സംവിധാനം ചിട്ടപ്പെടുത്തിയിട്ടുള്ളത് മെക്കാനിക്കൽ വിഭാഗത്തിലെ ജീവനക്കാർ സൂപ്പർ-വൈസർമാർ, ആഫീസർമാർ തുടങ്ങിയവർക്ക് ഇതിന്റെ ചുമതല വ്യക്തമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം. 3285 (എ) പിരിവിന്റെ അനുബന്ധം .**

| ഇനം | ജനുവരി 2018 | ഫെബ്രുവരി 2018 | മാർച്ച് 2018 | ഏപ്രിൽ 2018 | മേയ് 2018 |
|---|---|---|---|---|---|
| വരവ് | 198.44 കോടി | 175.63 കോടി | 193.57 കോടി | 194.89 കോടി | 207.35 കോടി |
| ചെലവ് | 307.89 " | 292.08 " | 307.97 " | 246.22 " | 246.95 " |
| ലോൺ അടവ് | 87.45 " | 81.67 " | 87.46 " | 84.73 " | 26.73 " |
| ലാഭവിഹിതം | ------ | ------- | ------- | ------- | -------- |
| ശമ്പളം | 92.48 " | 92.11 " | 92.43 " | 92.44 " | 93.08 " |

| ക്രമ നം. | മാസം | പെൻഷൻ നൽകിയ തുക |
|---|---|---|
| 1 | ജനുവരി 2018 | 58,47,20,231 |
| 2 | ഫെബ്രുവരി 2018 | 58,47,32,612 |
| 3 | മാർച്ച് 2018 | 58,48,44,051 |
| 4 | ഏപ്രിൽ 2018 | 58,63,02,156 |
| 5 | മേയ് 2018 | 58,63,69,158 |
| 6 | ജൂൺ 2018 | 58,78,38,625 |

സെക്ഷൻ ഓഫീസർ